
# സാഹിത്യകേദാരം

## SAHITHYA KEDARAM MALAYALAM, HALF YEARLY

Vol. No. 01 Issue No. 02, FEBRUARY 2023 TO JULY 2023

Annual Subscription Rs. 500/-



SAHITHYA KEDARAM

സാഹിത്യകേദാരം

**മലയാളം റിസേർച്ച് ജേണൽ**

മലയാളവിഭാഗം
ഗവൺമെന്റ് കോളേജ് നെടുമങ്ങാട്
ഫെബ്രുവരി, 2023 - ജൂലൈ, 2023 വാല്യം 1 ലക്കം 2

# സാഹിത്യകേദാരം

മലയാളം റിസേർച്ച് ജേണൽ

ഫെബ്രുവരി 2023 – ജൂലായ് 2023

വാല്യം 1 ലക്കം 2

മലയാളവിഭാഗം
ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം, കേരളം – 695 541

**Sahithya Kedaram**
A peer reviewed research journal of language, literature and culture
Malayalam Half Yearly

*Published in India by*
The Head of the Post Graduate Department of Malayalam,
Government College Nedumangad
Nedumangad P.O.
Thiruvananthapuram District
Kerala, India. PIN 695541
Email: gcnmalayalam@gmail.com

*Volume No.1, Issue No.2*
February, 2023 to July, 2023

Registered with The Registrar of Newspapers for India
No.KERMAL/2022/85177

*Type setting, Cover Design and printing at:*
ab Communication & Color Systems Private Ltd,
Vanchiyoor, Thiruvananthapuram
Ph: 0471 -2471174

*Typeset using* ISM fonts

Printed and published by Dr.Alex L, on behalf of The Head of the Post Graduate Department of Malayalam, Government College, Nedumangad, Thiruvananthapuram, and printed at ab Communications & Color Systems Pvt. Ltd.,T.C.25/3230 (2), Vanchiyoor, Thiruvananthapuram-695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram, Kerala-695541.
Editor Dr. Alex L

*Editor:*

Dr. Alex L
Professor & Head
Post Graduate Department of Malayalam, Govt. College Nedumangad
Email:alexl@gen.ac.in

*Editorial Board:*

Dr. Dharmarajan S S
Associate Professor
PG & Research Department of Malayalam, Government College Nedumangad
Email: dharmarajanss@gcn.ac.in

Dr. Pramod Kumar D N
Associate Professor
PG & Research Department of Malayalam, Government College Nedumangad
Email: pramodkumardn@gcn.ac.in

Dr. Rajesh Kumar P S
Associate Professor
PG & Research Department of Malayalam, Government College Nedumangad
Email: rajeshkumarps@gcn.ac.in

Dr. Deepa S S
Assistant Professor
PG & Research Department of Malayalam, Government College Nedumangad
Email: deepass@gcn.ac.in

Sri. Sreeraj C L
Assistant Professor
PG & Research Department of Malayalam, Government College Nedumangad
Email: sreerajcl@gcn.ac.in

Dr. Susanna P Das
Assistant Professor
PG & Research Department of Malayalam, Government College Nedumangad
Email: susannapdas@gcn.ac.in

Dr. Lekshmi S
Assistant Professor
PG & Research Department of Malayalam, Government College Nedumangad
Email: lekshmis@gcn.ac.in

*Advisory Board:*

Dr. P K Rajasekharan
Literary Critic and Cultural Historian

Dr. C R Prasad
Professor
Dept. of Malayalam, University of Kerala

Sri. V J James
Writer

Dr. K M Venugopal
Asst. Editor
Bhashaposhini
Malayala Manorama

Sri. S R Lal
Editorial Assistant
Grandhalokam

Dr. R B Sreekala
Professor & Head
Oriental Research Institute & Manuscript Library
University of Kerala

*Reviewed by:*

Dr. Dominic J Kattoor
Professor
Department of Malayalam, University College
Thiruvananthapuram.

Dr. Naushad S
Associate Professor
Oriental Research Institute & Manuscript Library,
University of Kerala.
Thiruvananthapuram

Dr. Shooba. K S
Associate Professor
Department of Malayalam
Government Women's College
Thiruvananthapuram.

## ആമുഖം

ബഹുതലസ്പർശിയായ ആശയങ്ങളുടെ ആവിഷ്കാരവും അതിന്റെ സന്നിവേശവുമാണ് സാഹിത്യകേദാരത്തിന്റെ ഈ ലക്കം. ജ്ഞാനസമൂഹം എന്ന നിലയിൽ നമ്മുടെ പൊതുജീവിതം തുടരുന്നത് ജ്ഞാനചരിത്രത്തിന്റേതായ ഒരു സ്വാധീനത്തിൽ നിന്നാണ്. വിജ്ഞാനസമൂഹമെന്നനിലയിൽ അതിന്റെ നിലനിൽപ്പ് ഭൂതകാലവുമായി ബന്ധപ്പെട്ടാണ് എന്നർത്ഥം. സമരവും അന്വേഷണവും അടിമത്തവും അധികാരവും രക്തസാക്ഷിത്വവും സ്വാതന്ത്ര്യബോധവും അധിനിവേശവും അധിനിവേശവിരുദ്ധതയും വർഗ്ഗസ്വത്വബോധവുമൊക്കെ ഇടകലർന്നുകിടക്കുന്ന ഒരു സാംസ്കാരിക സാമൂഹികജ്ഞാനസ്രോതസ്സ് എന്നു പറയാം. ഒരു പ്രത്യേക കാലത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഇവയൊക്കെ അന്വേഷിച്ച് അഴിച്ചെടുക്കുമ്പോഴാണ് അതിന്റെ പ്രതിനിധാനങ്ങൾ പുരോഗമനസാമൂഹിക നിർണയനത്തിൽ വഹിച്ച പങ്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഒരു വിഷയത്തെ, അതിനെ സമീപിക്കുന്ന ദർശനമോ പ്രത്യയശാസ്ത്ര ഉപകരണമോ ഉപയോഗിച്ചുള്ള സമീപനം അതിന്റെ തന്നെ വ്യത്യസ്ത സങ്കൽപ്പനത്തിലേക്ക് നയിക്കാം.

ബൃഹദാഖ്യാനങ്ങളുടെ പുനർവായനയും പാസ്റ്റിഷ് രീതിയും മെറ്റാഫിക്ഷനും ഹൈപ്പർറിയാലിറ്റിയും കടന്നുവരുന്ന സമകാല എഴുത്തിന് ബഹുസ്വരമായ ആഖ്യാനകർതൃത്വമുണ്ട്. സമകാലം ഒരു ജ്ഞാനസമൂഹമായി നിലനിൽക്കുമ്പോൾത്തന്നെ സങ്കീർണമായ അനുഭവലോകത്താൽ അത് ഏറെ ഗഹനവും സംശയാസ്പദവുമാണ്. ഇവിടെയാണ് സംവാദാത്മകമായ ഒരു സമീപനത്തിലൂടെ അതിന്റെ സങ്കീർണതകളെ ഉൾക്കൊണ്ടുകൊണ്ട് വിമർശനാത്മകമായ പ്രതിപാഠങ്ങൾ നിർമ്മിക്കേണ്ടത് അനിവാര്യമാകുന്നത്. ചരിത്രത്തെയും ചരിത്രരചനകളെയും പലപ്പോഴും നിഷ്കാസനം ചെയ്തുകൊണ്ട് സമകാലികതയെ മാത്രം സംബോധന ചെയ്യുന്ന എഴുത്തുകാലത്തിൽ നിന്നും ചരിത്രത്തെ അപനിർമ്മിക്കുകയും അതിലൂടെ പുതിയൊരു കാലവും സംസ്കാരവും നിർമ്മിക്കുകയും ചെയ്യുന്നു. ഈയൊരു അർത്ഥത്തിൽ സമകാലിക എഴുത്തിനെയും സൈദ്ധാന്തിക പരികല്പനകളെയും സ്വീകരിച്ചുകൊണ്ട് അതിന്റെ രാഷ്ട്രീയവും ദർശനവും വിലയിരുത്തുക എന്നതും ആധുനിക ജീവിതത്തെത്തന്നെ സംബോധന ചെയ്യുന്നതിന് തുല്യമാണെന്ന് വിശ്വസിക്കുന്നു. സിദ്ധാന്തവായന മാത്രമല്ല ഇവിടെ കടന്നുവരുന്നത്. മറിച്ച് പ്രസക്തവും അപ്രസക്തവുമായ (ആക്കപ്പെടുന്ന) ജീവിതത്തെയും മനുഷ്യനെയും എങ്ങനെയാണ്എഴുത്തിലേയ്ക്ക് സ്വീകരിച്ചിരിക്കുന്നതെന്ന് കണ്ടെത്താനുള്ള ധൈഷണിക ശ്രമമാണ് ഈ ലക്കം. വ്യത്യസ്ത സൈദ്ധാന്തികചിന്തകളും അവയുടെ സമകാലിക സാംസ്കാരികസത്തയുടെ പ്രസക്തിയും അന്വേഷണവിധേയമാക്കുന്നു.

ഒരു വാക്ക് അത് കേവലമല്ലാതെ സാമൂഹികവും സാമ്പത്തികവും അധികാരപരവുമായ അർത്ഥം(ആശയം/ധനം) നേടിയെടുക്കുന്നതിനു പിന്നിൽ ഭരണകൂടത്തിന്റെയും ആഗോളതാൽപര്യങ്ങളുടെയും വ്യവസ്ഥാപിതമായ ബലപ്രയോഗമുണ്ടെന്ന് നാം ഇന്ന് മനസ്സിലാക്കി വരുന്നുണ്ട്. ഡിസബിലിറ്റി, സാഹിത്യചരിത്രവിജ്ഞാനീയം, പരിസ്ഥിതി വാദം, ദളിത്ബോധം, സ്ത്രീവാദം, ദേശകാലസങ്കൽപ്പങ്ങൾ തുടങ്ങിയവ മുൻ സൂചിപ്പിച്ച ആശയപരികൽപ്പനയിൽ ഉൾച്ചേർത്ത് വായിക്കുമ്പോഴാണ് അതിന്റെ സാധ്യതയും പരിമിതിയും വെളിപ്പെടുന്നത്. വ്യത്യസ്ത വാക്കുകളിൽ സമൂഹത്തിലേക്ക് കടന്നുവരുകയും സ്വത്വപ്രതിനിധാനം നേടിയെടുക്കുകയും ചെയ്ത ഡിസബിലിറ്റി പോലുള്ള അർത്ഥസൂചകങ്ങൾ അതിന്റെ സമകാലിക സാമൂഹികപരിസരത്തെ പ്രശ്നവൽക്കരിച്ചുകൊണ്ട് അന്വേഷിക്കുന്നുണ്ട്. എല്ലാവിധ അധികാര വ്യവസ്ഥാപിത വ്യവഹാരങ്ങളെയും അപഗ്രഥിക്കുകയും മനുഷ്യന്റെ സാംസ്കാരികമായ കർതൃത്വത്തെ അവനെത്തന്നെ ബോധ്യപ്പെടുത്തുവാൻ ഉപയോഗിക്കുകയും ചെയ്യുന്ന സാംസ്കാരിക പ്രത്യയശാസ്ത്രമാണ് വൈജ്ഞാനികസിദ്ധാന്തങ്ങൾ. അത്തരത്തിൽ നമ്മുടെ സമകാലിക ജീവിതവ്യവഹാരങ്ങളും ജ്ഞാനസമൂഹമെന്ന നിലയിൽ അതിന്റെ നിലനിൽപ്പും എത്രത്തോളം ബലപ്പെട്ടതും സ്വീകാര്യവും ആണെന്നുള്ള അന്വേഷണം ഈ ലക്കം മുന്നോട്ടുവയ്ക്കുന്നു. ഇരുപത്തൊന്ന് പഠനങ്ങളടങ്ങുന്ന സാഹിത്യകേദാരം സിദ്ധാന്തപഠനത്തിന്റെ മികച്ച വ്യവഹാരമായി നിൽക്കുവാൻ തക്ക വായനകളാൽ പ്രസക്തമാണ്. പുതുവായന തീർക്കുന്ന പ്രശ്നവൽക്കരണ സൈദ്ധാന്തിക ജ്ഞാനലോകം സമകാല സമൂഹത്തെ കൂടുതൽ ശ്രദ്ധയോടെ മനസ്സിലാക്കുവാൻ പ്രാപ്തമാക്കുന്നു.

സാഹിത്യകേദാരത്തിന്റെ ഈ ലക്കത്തിനു പിന്നിൽ നിരവധി പേരുടെ സ്നേഹ പൂർണ്ണമായ ഇടപെടലുകളുണ്ട്. ലേഖനങ്ങൾ നൽകിയവരോട് ഹൃദയം നിറഞ്ഞ നന്ദി. നെടുമങ്ങാട് ഗവൺമെന്റ് കോളേജിലെ ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും സഹായസഹകരണവും സ്നേഹത്തോടെ ഓർമ്മിക്കുന്നു. ഗൗരവപൂർവ്വമായ വായനയ്ക്കും സംവാദത്തിനുമായി ഗവേഷണലോകത്തിനു മുന്നിൽ ഈ ലക്കം സമർപ്പിക്കുന്നു.

**ഡോ. അലക്സ് എൽ.**
എഡിറ്റർ

## ഉള്ളടക്കം


1. **പുനരാഖ്യാനത്തിന്റെ രാഷ്ട്രീയം** **9**
ഡോ. ജിസാജോസ്
2. **ശിവകുമാർ കഥ പറയുമ്പോൾ** **18**
ഡോ. ജയകുമാർ എസ്. എസ്.
3. **അന്ധത എന്ന സങ്കല്പനം സമകാലിക മലയാള ചെറുകഥയിൽ - ഒരു മനശ്ശാസ്ത്ര വിശകലനം** **24**
ഡോ. മഞ്ജു വി. മധു
4. **ചരിത്രത്തിന്റെ ബഹുസ്വരതയും ദേശസങ്കല്പവും** **30**
ഡോ. ലിജി. എൻ
5. **വിമർശനവും വിദ്യാപീഠങ്ങളും** **38**
ഡോ. തോമസ് സ്കറിയ
6. **കാലവും ഭാവനാലോകവും** **42**
ഡോ. ജൈനിമോൾ കെ. വി.
7. **മനുഷ്യാലയചന്ദ്രികയിലെ അന്ത:സംഘർഷങ്ങൾ** **51**
ടെജി കെ. തോമസ്
8. **ദത്താപഹാരം - പാരിസ്ഥിതിക ദർശനവും ആത്മീയബോധവും** **58**
സലീന. എസ്
9. **ഖനിജം: കയ്യൂർ സമരചരിത്രത്തിന്റെ സാഹിതീയ ഉറവകൾ** **63**
ഡോ. സ്വപ്ന ആന്റണി
10. **ഗിരി - ആഖ്യാനസൗന്ദര്യശാസ്ത്രദൃഷ്ടിയിൽ** **70**
ഡോ. ബീന. കെ
11. **കുന്നുകൾ, നക്ഷത്രങ്ങൾ - ആഖ്യാനവിജ്ഞാനപരമായ പഠനം** **80**
ഡോ. വീണാഗോപാൽ വി. പി.
12. **ഹയവദനയുടെ സൗന്ദര്യവാങ്മയങ്ങൾ** **85**
ഡോ. വന്ദന ബി
13. **വിഭക്തമനോനിലയുടെ വിഹ്വലസഞ്ചാരങ്ങൾ** **93**
ഡോ. മേഴ്സി. കെ. വി.
14. **'കറുത്തകുപ്പായക്കാരി'യിലെ ദളിത് സ്വത്വാഖ്യാനങ്ങൾ** **102**
ഡോ. അശ്വതി ജെ. എസ്.
15. **ശകലീകൃതസ്ത്രീത്വം - സന്നിവേശസിദ്ധാന്തത്തിന്റെ പിൻബലത്തോടെയുള്ള വായന** **115**
ഡോ. ജുബിൻ മറ്റപ്പള്ളിൽ
16. **രാഷ്ട്രബോധവും തക്ഷൻകുന്ന് സ്വരൂപവും** **123**
ഡോ. സിസ്റ്റർ മിനിമോൾ മാത്യു
17. **സാഹിത്യം: എഴുത്തും വായനയും, സാഹിത്യചരിത്രരചനയിലെ നൂതന സാധ്യതകൾ** **134**
രശ്മി. ടി. എൻ.

18. **അധികാരം അന്യവൽക്കരണം പ്രതിരോധം: ധന്യാരാജിന്റെ 'അധോലോകങ്ങൾ' എന്ന കഥയിൽ** 142
ഡോ.അമ്പിളി എം. വി
19. **വാർത്താവതരണത്തിന്റെ രാഷ്ട്രീയം: മലയാളവാർത്താചാനലുകളുടെ നാൾവഴികൾ** 147
ഡോ. ഹസ്ക്കറലി ഇ. സി.
20. **നളിനിയിലെ രസവാദചർച്ചകൾ വേലുക്കുട്ടി അരയന്റെ 'നളിനിയും രസവാദവും' എന്ന ലേഖനത്തെ ആസ്പദമാക്കിയുള്ള പഠനം** 152
കൽഹാര. സി
21. **ഭദ്രഭാഷാസമൂഹവും മലയാളത്തിന്റെ പ്രതിരോധ പാരമ്പര്യവും** 158
ഡോ. ബീനാകൃഷ്ണൻ എസ്. കെ

# പുനരാഖ്യാനത്തിന്റെ രാഷ്ട്രീയം

**ഡോ. ജിസാജോസ്**
അസോ. പ്രൊഫസർ, ഗവ. ബ്രണ്ണൻ കോളെജ്, തലശ്ശേരി

**പ്രബന്ധസംഗ്രഹം**

ഇതിഹാസ പുനരാഖ്യാനങ്ങളുടെ പ്രസക്തിയും പൊരുളും സമകാലികതയും അന്വേഷിക്കുന്നു. ഒപ്പം വർത്തമാനകാലത്തിന്റെ രാഷ്ട്രീയവും ദർശനവും എങ്ങനെയൊക്കെ ഇതിഹാസ പുനരാഖ്യാനങ്ങളിൽ കടന്നു വരുന്നു എന്നു മഹാഭാരതത്തിലെ നളോപാഖ്യാനത്തെ ആധാരമാക്കി രചിച്ച 'കലിപാകം' എന്ന നോവലിനെ മുൻനിർത്തി ആലോചിക്കുന്നു.

**താക്കോൽവാക്കുകൾ**

കീഴാളത, ജാതി, ഉടൽരാഷ്ട്രീയം, കർത്തൃത്വ നിർമ്മിതി, വ്യവഹാരം

# ശിവകുമാർ കഥപറയുമ്പോൾ

**ഡോ. ജയകുമാർ എസ്. എസ്.**

അസി. പ്രൊഫസർ, പി. എം. ഗവ. കോളേജ്, ചാലക്കുടി

**പ്രബന്ധസംഗ്രഹം**

സമകാലികസാമൂഹികചരിത്രത്തെ വക്രിച്ച ചിരിയോടെയും മനുഷ്യസ്വഭാവവൈകല്യങ്ങളെയും കാപട്യങ്ങളെയും സവിശേഷമായ ആഖ്യാനവൈഭവത്തോടെയും ആവിഷ്കരിച്ച കഥാകൃത്താണ് വി. പി. ശിവകുമാർ. കഥാഖ്യാനഘടനയിൽ നിരവധി പരീക്ഷണങ്ങളും പുതുക്കിപ്പണിയലുകളും അദ്ദേഹം നിരന്തരം നടത്തുകയുണ്ടായി. മലയാളത്തിൽ ഉത്തരാധുനികപ്രവണതകൾ രൂപപ്പെടുന്നതിനു മുമ്പുതന്നെ അതിന്റെ ആദ്യചലനങ്ങൾ ശിവകുമാറിന്റെ കഥകളിൽ പ്രകടമായിരുന്നു. ഉത്തരാധുനികത മുന്നോട്ടുവെച്ച ആഖ്യാനരീതികളിൽ പ്രധാനപ്പെട്ട മിശ്രരചന (Pastiche) ശിവകുമാറിന്റെ രചനയിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നുണ്ട്. ഇത്തരമൊരു ആഖ്യാനഘടന അവതരിപ്പിച്ചതിലൂടെ കാലത്തിന് മുന്നേ നടന്ന കഥാകാരനായി വി. പി. ശിവകുമാർ മാറുന്നു.

**താക്കോൽവാക്കുകൾ**

ചരിത്രപരത (Historicity), ആഖ്യാനഘടന (Narrative structure), മിശ്രരചന (Pastiche), പാരഡി (Parody), പാഠപരത (Textuality)

# അന്ധത എന്ന സങ്കൽപ്പനം സമകാലിക മലയാള ചെറുകഥയിൽ – ഒരു മനശ്ശാസ്ത്ര വിശകലനം

**ഡോ. മഞ്ജു വി. മധു**
അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. ആർട്സ് & സയൻസ് കോളജ്, ഇലഞ്ഞൂർ

**പ്രബന്ധ സംഗ്രഹം**

മലയാള ചെറുകഥയിൽ അന്ധത പ്രമേയമായി വരുന്ന മൂന്ന് ചെറുകഥകളെ മനശ്ശാസ്ത്രപരമായി അപഗ്രഥിക്കുന്നു. തോടിനപ്പുറം പറമ്പിനപ്പുറം (ഉണ്ണി. ആർ), പ്രകാശദൂരങ്ങൾ (ഇ. സന്തോഷ് കുമാർ), മൂവന്തി (പത്മരാജൻ) എന്നീ കഥകളാണ് വിശകലനത്തിന് വിധേയമാക്കുന്നത്. അന്ധത ഭൗതികമായ ഒരു അവസ്ഥയല്ലെന്നും കാഴ്ചപരിമിതിയുള്ളവർ അസാധാരണമായ സംവേദനക്ഷമത പ്രകടിപ്പിക്കുന്നുവെന്നും വിലയിരുത്തുന്നു. സ്വത്വബോധത്തിനുള്ള അംഗീകാരമാണ് അംഗപരിമിതർക്ക് ആവശ്യം. അതിനാൽ സമൂഹനിർമ്മിതമായ സമ്പ്രദായികചിഹ്നങ്ങളെ അപനിർമ്മിക്കണം എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു.

**താക്കോൽ വാക്കുകൾ**

അന്ധത, സംവേദനക്ഷമത, ഐന്ദ്രിയം

# ചരിത്രത്തിന്റെ ബഹുസ്വരതയും ദേശസങ്കല്പവും

## (പി. കൃഷ്ണനുണ്ണിയുടെ 'കേരളം ഒരു ഡോക്യുമെൻറ ' എന്ന നോവലിനെ മുൻനിർത്തിയുള്ള അന്വേഷണം.)

**ഡോ. ലിജി. എൻ**

അസോ. പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളെജ്, കാസറഗോഡ്

### പ്രബന്ധ സംഗ്രഹം

സമകാലിക മലയാളനോവലുകളിലെ ദേശസങ്കല്പത്തെയും ചരിത്രനിർമ്മിതിയെയും 'കേരളം ഒരു ഡോക്യുമെന്റ്' എന്ന നോവലിനെ മുൻനിർത്തി പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ. ദേശവും ചരിത്രവും ബഹുസ്വരമായ ആഖ്യാനങ്ങളായി സമകാലിക മലയാള നോവലുകളിൽ നവഭാവുകത്വത്തിന്റെ വിചാരമാതൃകകൾ സൃഷ്ടിക്കുന്നുണ്ട്. ചരിത്ര വ്യവഹാരങ്ങളുടെ അപനിർമ്മാണത്തിലൂടെ നോവലുകൾ ചരിത്രത്തിന്റെ പുനഃസൃഷ്ടി തുടർന്നുകൊണ്ടിരിക്കുന്നു. ചരിത്രവികേന്ദ്രീകരണം സാധ്യമാക്കുന്ന അത്തരം പുനരാഖ്യാനങ്ങൾ ചരിത്രവും നോവലും തമ്മിലുള്ള അതിർവരമ്പുകൾ മായ്ച്ച് കളയുന്നു. മുഖ്യധാരാചരിത്രം പുറംതള്ളിയ പാർശ്വവൽകൃതരുടെയും തമസ്കരിക്കപ്പെട്ടവരുടെയും ചരിത്രങ്ങൾ ദേശചരിത്രമായി മാറുന്നു. ദേശത്തിന്റെയും ചരിത്രത്തിന്റെയും ഏകീകൃത രൂപങ്ങൾ ശിഥിലമാകുകയും നവചരിത്രങ്ങളുടെ ബഹുലതകൾ അടയാളപ്പെടുകയും ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

ഹിസ്റ്റോറിയോഗ്രാഫി, മെറ്റഫിക്ഷൻ (അതികഥ) ദേശ–രാഷ്ട്രം, ബഹുസ്വരത.

# വിമർശനവും വിദ്യാപീഠങ്ങളും

**ഡോ. തോമസ് സ്കറിയ**
അസോ. പ്രൊഫസർ, മലയാള വിഭാഗം, സെന്റ് തോമസ് കോളേജ്, പാലാ

**പ്രബന്ധ സംഗ്രഹം**

ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭം പുതിയ സാഹിത്യ-വിമർശന ആശയങ്ങളുടെയും സംവാദങ്ങളുടെയും ഉത്ഭവത്തിന് ഫലഭൂയിഷ്ഠമായ കാലഘട്ടമായിരുന്നു. അക്കാലത്തുണ്ടായ ബൗദ്ധിക വിവാദങ്ങൾക്ക് പിന്നിൽ ഏറെക്കുറെ നിശ്ശബ്ദമായി മുന്നോട്ടുപോയ വിമർശനത്തിന്റെ സുപ്രധാനമായ പരിവർത്തനങ്ങൾ കാരണമായിട്ടുണ്ട്. 1930-കൾ മുതൽ, അക്കാദമിക് വിദ്യാഭ്യാസത്തിന്റെ ഔപചാരിക ഘടനകളിലേക്കും വിമർശകരുടെ സർവ്വകലാശാലാ അധ്യാപനത്തിന്റെ പ്രൊഫഷണൽ ബാധ്യതകളിലേക്കും അത്തരം വിവാദങ്ങൾ കടന്നുചെന്നു. ഈ പ്രബന്ധം എങ്ങനെ, എന്തുകൊണ്ട് അത്തരമൊരു പരിവർത്തനം സംഭവിച്ചു എന്നു പരിശോധിക്കുന്നു. ആധുനിക വിമർശനത്തിന്റെ ഉദ്ദേശ്യങ്ങൾ, രീതികൾ, ഭാഷകൾ, വായനക്കാർ എന്നിവയിൽ വിദ്യാപീഠങ്ങളുടെ സ്വാധീനം എന്തായിരുന്നു എന്നതിന്റെ ഒരു ഹ്രസ്വ വിവരണം ഈ പ്രബന്ധം നൽകുന്നു.

**താക്കോൽവാക്കുകൾ**

അക്കാദമി – അക്കാദമീഷ്യൻ – തീയറി – വിമർശനം – ഘടനാവാദം – ലിംഗപദവി – മനഃശാസ്ത്രം – സംസ്കാര പഠനം

# കാലവും ഭാവനാലോകവും

**ഡോ. ജൈനിമോൾ കെ. വി.**

അസിസ്റ്റന്റ് പ്രൊഫസർ, സി. എ. എസ്. കോളേജ്, മാടായി

**പ്രബന്ധസംഗ്രഹം**

മറ്റ് സാഹിത്യവിഭാഗങ്ങളെ അപേക്ഷിച്ച് ബാലസാഹിത്യത്തിന്റെ പരിണാമം മന്ദഗതിയിലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ബാല്യം ഒരു നിർണായകഘട്ടമാണെന്ന ആശയം വേരൂന്നുന്നത്. കുട്ടികൾക്ക് ഭാവനയെ ഉത്തേജിപ്പിക്കാനും വ്യക്തിത്വം കെട്ടിപ്പടുക്കാനും സഹായിക്കുന്ന, അവരുടെ പ്രായത്തിന് അനുയോജ്യമായ ഒരു സാഹിത്യത്തിലേക്ക് പ്രവേശനം ഉണ്ടായിരിക്കുക എന്നത് മറ്റു മൗലികാവകാശങ്ങൾ പോലെ പ്രധാനമാണ്. അതുവഴി അവരുടെ സാംസ്കാരിക വളർച്ചയെയും പരിസ്ഥിതി ബോധത്തെയും ശക്തിപ്പെടുത്താനും സാധിക്കേണ്ടതുണ്ട്. കുട്ടികളുടെ വൈകാരികവും ഭാഷാപരവും ഭൗതികവുമായ തലങ്ങളിൽ കാതലായ മാറ്റം കൊണ്ടുവരുവാൻ ബാലസാഹിത്യത്തിന് കഴിയുന്നു. കഥകൾ കുട്ടികളുടെ യഥാർത്ഥ പ്രശ്നങ്ങളുമായി പൊരുത്തപ്പെടുന്ന സാങ്കൽപിക സാഹചര്യങ്ങൾ പുനർനിർമ്മിക്കുന്നു. ഇതിലൂടെ പ്രതികൂല സാഹചര്യങ്ങളിൽ സുരക്ഷിതത്വം അനുഭവിക്കാനും വൈകാരികസുരക്ഷ ഉറപ്പാക്കാനും ജീവിതത്തിലെ സമ്മർദ്ദങ്ങളെ നേരിടാനും അവർ പ്രാപ്തി നേടുന്നു. നന്മയുള്ള കഥാപാത്രങ്ങളിലൂടെ നല്ല സ്വഭാവരീതികളും ക്രിയാത്മക മാതൃകകളും ഉണ്ടാകുന്നു. നവീന ആഖ്യാന മാതൃക എന്ന നിലയിൽ എൻ.പ്രഭാകരന്റെ ബാലസാഹിത്യ നോവലായ മാനസ് എന്ന സഞ്ചാരിയെ പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധം .

**താക്കോൽവാക്കുകൾ**

ബാലസാഹിത്യം, ഓർമ്മ, കാലം, കാല്പനികത, ഭാവന

ഗവണ്മെന്റ് കോളെജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# മനുഷ്യാലയചന്ദ്രികയിലെ അന്തഃസംഘർഷങ്ങൾ

**ടെജി കെ. തോമസ്**
അസി. പ്രൊഫസർ, മലയാള വിഭാഗം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

**പ്രബന്ധ സംഗ്രഹം**

സമകാലസമൂഹത്തിൽ ഏറ്റവുമധികം പ്രശ്നവൽക്കരണങ്ങളിലൂടെ കടന്നുപോകുന്ന ഇടമാണ് കുടുംബം. സമൂഹവും കുടുംബവും സ്ത്രീജീവിതത്തെ നിർണയിക്കുമ്പോൾ അവൾക്ക് നഷ്ടപ്പെടുന്നത് അവളെ തന്നെയാണ്. കെ രേഖ എഴുതിയ 'മനുഷ്യാലയചന്ദ്രിക' എന്ന കഥയെ മുൻനിർത്തി കുടുംബത്തെയും സ്ത്രീപുരുഷബന്ധങ്ങളിലെ പ്രശ്നസങ്കീർണതകളെയും സംഘർഷങ്ങളെയും വിശകലനംചെയ്ത് സമകാലസമൂഹത്തിൽ സ്ത്രീയുടെ നിലപാടുകൾ അവളെ സ്വയം നിർണയിക്കുന്നത് എങ്ങനെയെന്ന് അന്വേഷിക്കുകയാണ് പ്രബന്ധം

**താക്കോൽവാക്കുകൾ**

സ്ത്രീ, കുടുംബം, സമൂഹം, നിയമം

# ദത്താപഹാരം – പാരിസ്ഥിതിക ദർശനവും ആത്മീയബോധവും

**സലീന. എസ്**

അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. വിക്ടോറിയ കോളെജ്, പാലക്കാട്.

**പ്രബന്ധസംഗ്രഹം**

ഉത്തരാധുനിക നോവൽഭാവുകത്വത്തെ രൂപപ്പെടുത്തുന്ന സവിശേഷ സംവർഗമാണ് പരിസ്ഥിതി. കാല്പനികവും ആത്മീയവുമായ പാരിസ്ഥിതികദർശനം നോവലുകളുടെ ആഖ്യാന ഭൂമികയിൽ കടന്നുവരുന്നുണ്ട്. ഈ ആത്മീയബോധം മതാത്മകവും മതാതീതവും ആകാം. വി. ജെ. ജയിംസിന്റെ ദത്താപഹാരം എന്ന നോവലിനെ മുൻനിർത്തി ആത്മീയതയെയും പരിസ്ഥിതിദർശനത്തെയും വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

പരിസ്ഥിതിദർശനം, ഭൗമ ആത്മീയത

# ഖനിജം: കയ്യൂർ സമരചരിത്രത്തിന്റെ സാഹിതീയ ഉറവകൾ

**ഡോ. സ്വപ്ന ആന്റണി**

അസോസിയേറ്റ് പ്രൊഫസർ, സി. എ. എസ്. കോളേജ്, മാടായി, കണ്ണൂർ

**പ്രബന്ധസംഗ്രഹം**

എല്ലാ സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങളും ഏറിയും കുറഞ്ഞുമുള്ള അളവിൽ സാഹിത്യത്തിന് ഊർജ്ജവും പ്രേരണയുമായിത്തീരാറുണ്ട്. കർഷകസമരവും ഇതേ മട്ടിൽ ലോകമെമ്പാടും സാഹിത്യത്തിന് പ്രചോദനമായിത്തീർന്നിട്ടുണ്ട്. കയ്യൂർ കർഷകസമരചരിത്രം കേരളസാമൂഹികരൂപീകരണത്തിൽ ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. ദേശീയ സ്വാതന്ത്ര്യസമര മുന്നേറ്റത്തോടെ കേരളത്തിൽ ശക്തി പ്രാപിച്ച സാംസ്കാരികമുന്നേറ്റത്തിനും ദേശാവബോധത്തിനും കയ്യൂർ കർഷകസമരം ഊർജ്ജം പകർന്നതെങ്ങനെയെന്ന് പി. വി. കെ. പനയാലിന്റെ ഖനിജം എന്ന നോവലിനെ മുൻനിർത്തിയുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

സംസ്കാരം – കർഷകസമരം –ആഖ്യാനം– വർഗ്ഗം– ജാതി –ദേശീയത– സ്വാതന്ത്ര്യം– സാമ്രാജ്യത്വം.

# ഗിരി–ആഖ്യാന സൗന്ദര്യശാസ്ത്ര ദൃഷ്ടിയിൽ

**ഡോ. ബീന. കെ**

അസി. പ്രൊഫസർ, മലയാളവിഭാഗം, ശ്രീനീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി

**പ്രബന്ധസംഗ്രഹം**

ആഖ്യാന സൗന്ദര്യശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ പി.പി. പ്രകാശന്റെ നോവലായ 'ഗിരി'യുടെ അപഗ്രഥനമാണ് പ്രബന്ധം. ആഖ്യാന ഘടകങ്ങളെയും ആഖ്യാനത്തിന്റെ ലക്ഷണങ്ങളെയും നോവലിൽ അന്വേഷിക്കുന്നു. വ്യത്യസ്ത ആഖ്യാനസമ്പ്രദായങ്ങൾ വിശദീകരിക്കുന്നു. ആഖ്യാനശാസ്ത്രം, ആഖ്യാനകല എന്നിവയുടെ വിവരണവും വിശദീകരണവും നോവലിൽ ആഖ്യാതാവ് സ്വീകരിച്ചിട്ടുള്ള വ്യത്യസ്ത ആഖ്യാനതന്ത്രങ്ങളുടെ വിശകലനവും ഉൾക്കൊള്ളുന്നതാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

ആഖ്യാനവിജ്ഞാനം, ആഖ്യാനശാസ്ത്രം, ആഖ്യാനകല, ആഖ്യാന ലക്ഷണങ്ങൾ, സ്ഥലികത, കാലികത, മാധ്യമത, ആഖ്യാനത, ആഖ്യാനതന്ത്രങ്ങൾ

# കുന്നുകൾ, നക്ഷത്രങ്ങൾ– ആഖ്യാനവിജ്ഞാനപരമായ പഠനം

**ഡോ. വീണാഗോപാൽ വി. പി.**
അസിസ്റ്റൻറ് പ്രൊഫസർ, മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്,
തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

മനുഷ്യജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന സങ്കീർണപ്രതിഭാസമാണ് ആഖ്യാനം. മനുഷ്യന്റെ മൗലികസ്വഭാവങ്ങളെക്കുറിച്ചുള്ള പഠനമാണ് ആഖ്യാനപഠനം. നമ്മുടെ സംസ്കാരം നിലകൊള്ളുന്നത് വിവിധങ്ങളായ ആഖ്യാനങ്ങളോടു ബന്ധപ്പെട്ടാണ്. ഓരോ സംസ്കാരവും ഓരോ കഥ ഉൾക്കൊള്ളുന്നുണ്ട്. സംഭവങ്ങളുടെ ശ്രേണിയാണ് ഓരോ കഥയും. ഇതിഹാസം, മിത്ത്, ഐതിഹ്യം, ദുരന്തനാടകം, കഥ, നോവൽ, ചിത്രങ്ങൾ, സിനിമ എന്നിങ്ങനെ ആഖ്യാനത്തിൻറെ മേഖല വിപുലമാണ്. ഓരോ ആഖ്യാനവും ഓരോ നിർമ്മിതിയാണ്. ആഖ്യാനകല, ആഖ്യാനശാസ്ത്രം എന്നിവ ആഖ്യാനത്തിന്റെ പഠനമേഖലകളാണ്. ഇത് രണ്ടിനെയും ആഖ്യാനവിജ്ഞാനം ഉൾക്കൊള്ളുന്നു. ആഖ്യാനസംബന്ധിയായ സമസ്ത അറിവും ആഖ്യാനവിജ്ഞാനത്തിൽപ്പെടുന്നു. ഉത്തരാധുനിക നോവലിസ്റ്റായ ഇ. സന്തോഷ് കുമാറിൻറെ 'കുന്നുകൾ, നക്ഷത്രങ്ങൾ' എന്ന നോവലിലെ ആന്തരികബന്ധങ്ങളെ ആഖ്യാനവിജ്ഞാനപരമായി പഠിക്കുവാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

**താക്കോൽ വാക്കുകൾ**

ആഖ്യാനവിജ്ഞാനം, ആഖ്യാനത, മാധ്യമത, വിമാധ്യമത, സ്ഥലികത, കാലികത, ആന്തരികബന്ധം.

# ഹയവദനയുടെ സൗന്ദര്യവാങ്മയങ്ങൾ

**ഡോ. വന്ദന ബി**
അസി. പ്രൊഫസർ, മലയാളവിഭാഗം, എൻ.എസ്.എസ് വനിതാ കോളേജ്,
നീറമൺകര, തിരുവനന്തപുരം

"നാടകം ഒരു ആയുധമാണ്, വളരെ ഫലപ്രദമായ ഒരു ആയുധം".

– അഗസ്റ്റോ ബോൾ

**പ്രബന്ധസംഗ്രഹം**

ജ്ഞാനപീഠജേതാവും നാടകകൃത്തും ചലച്ചിത്ര പ്രതിഭയുമായ ഗിരിഷ് കർണാടിന്റെ രചനയാണ് ഹയവദന എന്ന നാടകം. ഇത് ഭാരതീയ നാടകവേദിയിലെ പാരമ്പര്യാന്വേഷണത്തിന്റെ തിളക്കമേറിയ അദ്ധ്യായമാണ്. ഭാരതീയതനിമയോടുകൂടിയ രംഗാവതരണരീതിയ്ക്കുള്ള ശ്രമമായി ഈ നാടകത്തെ കാണാവുന്നതാണ്. 1972–ൽ അരങ്ങേറിയ ഈ നാടകത്തിന്റെ ബീജം വേതാളപഞ്ചവിംശിക (കഥാസരിത് സാഗരം) യിലെ ഒരു കഥയിൽ നിന്നാണ്. എങ്കിലും അതേ കഥയുടെ പുനരാവിഷ്കാരമായ മാറ്റിവച്ചതലകൾ (തോമസ് മൻ) എന്ന കൃതിയെയാണ് കൂടുതൽ ആശ്രയിച്ചിട്ടുള്ളതെന്നു കർണാട് രേഖപ്പെടുത്തിയിട്ടുണ്ട്. വിക്രമാദിത്യനോടു വേതാളം പറയുന്ന മട്ടിലുള്ള മൂലകഥയിൽ ധാർമ്മികതയുടെ പ്രശ്നമാണ് ആവിഷ്കൃതമാകുന്നത്. ഹയവദനയാകട്ടെ, പ്രമേയപരമായും ആവിഷ്കരണപരമായും വേറിട്ടു നിൽക്കുന്നു. പാരമ്പര്യാംശങ്ങളുടെ സമർത്ഥമായ സമന്വയമാണ് അതിന് ആധാരം.

**താക്കോൽവാക്കുകൾ**

നാടകം– രംഗാവതരണം– അന്യവത്കരണം– സ്വത്വബോധം.

# വിഭക്തമനോനിലയുടെ വിഹ്വലസഞ്ചാരങ്ങൾ

**ഡോ. മേഴ്സി. കെ. വി**
അസോ. പ്രൊഫസർ, മലയാളവിഭാഗം, ഗവ: വിക്ടോറിയ കോളേജ്, പാലക്കാട്

## പ്രബന്ധസംഗ്രഹം

എം. ടി. വാസുദേവൻനായരുടെ 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന ചെറുകഥയെ ആസ്പദമാക്കിയുള്ള ഗവേഷണസ്വഭാവമുള്ള പ്രബന്ധമാണ് 'വിഭക്തമനോനിലയുടെ വിഹ്വലസഞ്ചാരങ്ങൾ'. ആധുനിക കാലത്ത് വർദ്ധമാനമായ വിഷാദരോഗങ്ങളിൽ അഗ്രിമസ്ഥാനമർഹിക്കുന്ന സ്കിസോഫ്രീനിയയുടെ ചില സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഈ ചെറുകഥ, രോഗാതുരഭാവനയ്ക്കപ്പുറം ഏതെല്ലാം സാമൂഹ്യ-വ്യക്തിയാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുന്നു എന്നു കണ്ടെത്താൻ ഈ പ്രബന്ധത്തിൽ ശ്രമിച്ചിട്ടുണ്ട്. ആമുഖം, ഭൂകമ്പചാലകങ്ങൾ, വിഭക്തമനോനിലയും ഭാഷാശൈഥില്യവും, മേധാവിത്വവും വിഭക്തമനോനിലയും, പ്രായത്തിന്റെ ആനുകൂല്യങ്ങൾ, ജാതി-വർഗ്ഗബോധങ്ങൾ, കഥാനാമവും ധർമ്മവും തുടങ്ങിയ ഉപശീർഷകങ്ങളിലായി വിഷയാവതരണം നടത്തിയിരിക്കുന്നു. പാരമ്പര്യബോധവും സാമൂഹ്യ സാഹചര്യങ്ങളും കുടുംബപശ്ചാത്തലവും ഒരു വ്യക്തിയിൽ എങ്ങനെ രോഗാതുരമായ ഭാവന സൃഷ്ടിക്കുമെന്നും കൃതഹസ്തനായ ഒരു എഴുത്തുകാരന് ആ വസ്തുത എപ്രകാരം വിജയകരമായി ചിത്രീകരിക്കാൻ കഴിയുമെന്നും വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

Paranoid, Voice-in-head, വിഭക്തമനോനില, ശിഥിലമാനസികഘടന, ശിഥിലഭൗമികാവസ്ഥ, അന്തച്ഛിദ്രങ്ങൾ, ശൈഥില്യം, വൈകല്യം

സാഹിത്യകേദാരം February, 2023 to July, 2023
Sahithya Kedaram Volume 01. Issue No. 02

# 'കറുത്തകുപ്പായക്കാരി'യിലെ ദളിത് സ്വത്വാഖ്യാനങ്ങൾ

(സിതാര എസ്സിന്റെ 'കറുത്തകുപ്പായക്കാരി' എന്ന കഥയെ മുൻനിർത്തിയുള്ള

വിമർശാത്മക പഠനം)

**ഡോ. അശ്വതി ജെ. എസ്.**

അസി. പ്രൊഫസർ, ക്രൈസ്റ്റ് നഗർ കോളേജ്, തിരുവനന്തപുരം

### പ്രബന്ധസംഗ്രഹം

സമകാല മലയാളചെറുകഥയിലെ ശ്രദ്ധേയയായ എഴുത്തുകാരിയാണ് സിതാര എസ്. സ്ത്രീജീവിതത്തിന്റെ വൈവിധ്യപൂർണ്ണമായ ആവിഷ്കാരം അവരുടെ കഥകളെ ശ്രദ്ധേയമാക്കുന്നു. സ്ത്രീയെ സംബന്ധിച്ചുള്ള യാഥാസ്ഥിതികമായ കാഴ്ചപ്പാടുകൾ എഴുത്തിൽ നിരാകരിക്കാനും സ്വന്തമായ നിലപാടുകൾ ആവിഷ്കരിക്കാനും കഥകളിലൂടെ ഈ എഴുത്തുകാരി ശ്രമിക്കുന്നു. ഓരോ കാലഘട്ടത്തിലും സ്ത്രീയ്ക്കുനേരെയുള്ള ആക്രമണങ്ങളെ ആശങ്കയോടെ കാണുന്ന എഴുത്തുകാരിയാണ് സിതാര. ഉത്തരാധുനിക കഥാകാരികളുടെ ഇടയിൽ വൈവിധ്യവും ഉൾക്കരുത്തുമുള്ള കഥകളിലൂടെ സ്ത്രീയവസ്ഥയുടെ ഭിന്നമുഖങ്ങളെ ആവിഷ്കരിച്ചുകൊണ്ട് എഴുത്തിൽ സ്വന്തം നിലപാടുറപ്പിക്കുകയാണ് സിതാര ചെയ്യുന്നത്. 'കറുത്തകുപ്പായക്കാരി' എന്ന കഥ ദളിത് പ്രശ്നങ്ങളോടുള്ള സിതാരയുടെ നിലപാട് വ്യക്തമാക്കുന്ന രചനയാണ്. എഴുത്തുകാരിയുടെ നിലപാടിന്റെ കരുത്ത് ഈ കഥയിലൂടെ കണ്ടെത്തുക എന്നതാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ**

കോളനീകരണം, പെൺപ്രതിരോധം, സ്വത്വപ്രതിസന്ധി, ആഖ്യാനതന്ത്രങ്ങൾ, ദളിത് സ്വത്വാഖ്യാനം

# ശകലീകൃതസ്ത്രീത്വം – സന്നിവേശസിദ്ധാന്തത്തിന്റെ പിൻബലത്തോടെയുള്ള വായന

**ഡോ. ജുബിൻ മറ്റപ്പള്ളിൽ**
അസി. പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഓറിയെന്റൽ ലാംഗ്വേജസ് (മലയാളം),
സെന്റ്. ഗ്രീഗോറിയോസ് കോളേജ്, കൊട്ടാരക്കര

**പ്രബന്ധസംഗ്രഹം**

ആധുനികകല നേർകാഴ്ചയെ അപ്രസക്തമാകുന്നു. ക്ളാസിക് കാലഘട്ടം മുതൽ റിയലിസ്റ്റിക് ഘട്ടംവരെയും കലയിലും സാഹിത്യത്തിലും നേർകാഴ്ചയ്ക്കായിരുന്നു പ്രസക്തി. അനുകരണമല്ല കലയെന്ന പ്രഖ്യാപനമുണ്ടായത് ആധുനികതയിലാണ്. അതോടെ ആധുനികകല സ്വതന്ത്രമായി. സൃഷ്ടികളിൽ വ്യത്യസ്തതകൾ ആവിഷ്കരിക്കാൻ കലാകാരന്മാരും സാഹിത്യകാരന്മാരും തയ്യാറായി. തന്മൂലം ശകലീകൃതവും വക്രീകൃതവും അമൂർത്തവുമായ രൂപങ്ങൾ ഉടലെടുത്തു. ചിത്ര ശില്പങ്ങളിലെന്നതു പോലെ ശകലീകൃതരൂപങ്ങൾ സാഹിത്യത്തെയും സംവേദനക്ഷമമാക്കി. ആധുനിക ചിത്രശില്പങ്ങളിലെയും സാഹിത്യത്തിലെയും ശകലീകൃതസ്ത്രീത്വം സന്നിവേശസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ:**

ശകലീകരണം, സന്നിവേശം, പരസന്നിവേശം, അന്തസന്നിവേശം

# രാഷ്ട്രബോധവും തക്ഷൻകുന്ന് സ്വരൂപവും

**ഡോ. സിസ്റ്റർ മിനിമോൾ മാത്യു**
അസോ. പ്രൊഫസർ, മലയാളവിഭാഗം, അൽഫോൻസാ കോളേജ്, പാലാ

**പ്രബന്ധസംഗ്രഹം**

യു. കെ. കുമാരന്റെ തക്ഷൻകുന്ന് സ്വരൂപം എന്ന നോവൽ രാഷ്ട്ര ബോധത്തെയും പൗരബോധത്തെയും ഒരേസമയം അഭിമുഖീകരിക്കുന്നുണ്ട്. സ്വാതന്ത്ര്യസമരകാലത്തെ അതിൽ എങ്ങനെ ഉള്ളടക്കം ചെയ്തിരിക്കുന്നുവെന്ന അന്വേഷണം അതുകൊണ്ട് പ്രസക്തമാകുന്നു. അത്തരമൊരന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ**

ദേശം, ദേശീയത, രാഷ്ട്രം, രാഷ്ട്രബോധം, സ്വാതന്ത്ര്യം, ജാതിവിവേചനം, വിമോചനം

# സാഹിത്യം: എഴുത്തും വായനയും, സാഹിത്യചരിത്രരചനയിലെ നൂതന സാധ്യതകൾ

**രശ്മി. ടി. എൻ.**

ഗവേഷക, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല

**പ്രബന്ധസംഗ്രഹം**

മലയാളിയുടെ സാഹിതീയ സങ്കല്പനങ്ങൾ എന്ന നിലയിൽ എഴുത്ത്, വായന എന്നിവയുടെ ചരിത്രാത്മകതയെയും സ്ഥാപനവത്കരണത്തെയും ഈ പ്രബന്ധം അന്വേഷിക്കുന്നു. സാഹിത്യചരിത്രരചനകൾ സാഹിത്യത്തിന്റെ വ്യവസ്ഥപ്പെടുത്തലിൽ ഏത് രീതിയിൽ സ്വാധീനം ചെലുത്തി എന്ന് വിശകലനം ചെയ്യുന്ന ഈ പ്രബന്ധം, സാഹിത്യചരിത്ര രൂപീകരണങ്ങളിൽ എഴുത്ത്, വായന എന്നീ സങ്കല്പനങ്ങൾ എങ്ങനെ കടന്നു വരുന്നു, എഴുത്തുകാരും വായനക്കാരുമായി സാഹിത്യം എന്ന അനുഭവം വേർപിരിഞ്ഞതെങ്ങനെ, അതിന്റെ തുടർച്ചകളും ഫലങ്ങളും എവിടെ എത്തിനിൽക്കുന്നു തുടങ്ങിയ കാര്യങ്ങളും പരിശോധിക്കുന്നു. സാഹിത്യചരിത്രരചനകളെ വിശകലനം ചെയ്യുന്നതിനുള്ള ആധുനികാനന്തര സമീപനപദ്ധതിയായ സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ സൈദ്ധാന്തിക പരിസരങ്ങളെ വിശകലനം ചെയ്തുകൊണ്ട് 'എഴുത്ത് 'കേന്ദ്രീകൃതവും എഴുത്താൾ കേന്ദ്രീകൃതവുമായ സാഹിത്യചരിത്രരചനകളിൽ നിന്നു വ്യതിചലിച്ചുള്ള പുതിയ ബദലുകൾക്കായുള്ള നിർദേശങ്ങളും ഈ പ്രബന്ധം മുന്നോട്ടു വയ്ക്കുന്നു.

**താക്കോൽവാക്കുകൾ**

സാഹിതീയത, അനുഭവം, എഴുത്ത്, വായന, മലയാളി

ഗവൺമെന്റ് കോളെജ് നെടുമങ്ങാട്
മലയാളവിഭാഗം റിസർച്ച്ജേണൽ

# അധികാരം- അന്യവൽക്കരണം- പ്രതിരോധം ധന്യാരാജിന്റെ 'അധോലോകങ്ങൾ' എന്ന കഥയിൽ

**ഡോ.അമ്പിളി എം. വി**
**(അദ്ധ്യാപിക, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട)**

**പ്രബന്ധസംഗ്രഹം**

അധികാരവും പണവും സൗന്ദര്യവും ഇല്ലാത്ത കേവലസ്ത്രീയുടെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന അന്യവൽക്കരണവും അപമാനവീകരണവും ധന്യാരാജിന്റെ 'അധോലോകങ്ങൾ' എന്ന കഥയെ മുൻനിർത്തി അന്വേഷിക്കുകയാണ് പ്രബന്ധം.

**താക്കോൽവാക്കുകൾ**
സ്ത്രീ എന്ന വ്യക്തി, അധികാരം, പ്രതിരോധം, അന്യവൽക്കരണം

# വാർത്താവതരണത്തിന്റെ രാഷ്ട്രീയം: മലയാളവാർത്താചാനലുകളുടെ നാൾവഴികൾ

**ഡോ. ഹസ്കറലി ഇ. സി.**
അസ്സോ. പ്രൊഫസർ, മലയാളവിഭാഗം, സുല്ലമുസ്സലാം സയൻസ് കോളേജ്,
അരീക്കോട്, മലപ്പുറം.

**പ്രബന്ധസംഗ്രഹം**

സമകാലികലോകത്തെ വിസ്മയമാണ് ദൃശ്യമാധ്യമങ്ങൾ. ദൃശ്യമാധ്യമങ്ങൾ ആളുകളുടെ കാഴ്ചയുടെലോകം വിശാലമാക്കി. ഓരോ കാഴ്ചയും അനുഭവമാകുന്ന ലോകസാഹചര്യം വ്യത്യസ്തമാണ്. അച്ചടി, ശ്രാവ്യ മാധ്യമങ്ങളിൽ നിന്ന് വ്യത്യസ്തമായി ദൃശ്യമാധ്യമങ്ങളിൽ ശരീരഭാഷ വിലയിരുത്തപ്പെട്ടു. പറയുന്ന വിഷയം പോലെത്തന്നെ, പറയുന്ന ആളുടെ ശരീരഭാഷയും ദൃശ്യമാധ്യമങ്ങളിൽ പ്രാധാന്യമുള്ളതായി മാറി. ഓരോരുത്തരുടെയും പ്രായം, ലിംഗം (ആൺ/പെൺ), എന്നിവയ്ക്കനുസരിച്ചാണ് ഓരോപരിപാടിയും സ്വീകരിക്കുന്നതും തള്ളിക്കളയുന്നതും. മലയാളത്തിലെ വാർത്താചാനലുകളുടെ തുടക്കവും നാൾവഴികളും അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

ദൃശ്യമാധ്യമങ്ങൾ--വാർത്താചാനലുകൾ-അവതാരകർ-ശരീരഭാഷ-വാർത്താസംസ്കാരം

# നളിനിയിലെ രസവാദ ചർച്ചകൾ
## വേലുക്കുട്ടി അരയന്റെ 'നളിനിയും രസവാദവും' എന്ന ലേഖനത്തെ ആസ്പദമാക്കിയുള്ള പഠനം

**കൽഹാര. സി**
ഗവേഷക, മലയാളവിഭാഗം, ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്

**പ്രബന്ധസംഗ്രഹം**

കുമാരനാശാന്റെ നളിനീകാവ്യത്തെക്കുറിച്ച് പഠനങ്ങൾ നിരവധിയാണ്. ശൃംഗാരരസപ്രധാനമാണ് കാവ്യമെന്ന് ബഹുഭൂരിപക്ഷം പറഞ്ഞു വയ്ക്കുമ്പോൾ അതിൽനിന്നും വ്യതിരിക്തമായി വീര – കരുണ– ശാന്ത– അത്ഭുത രസങ്ങളുടെ സമ്മേളനമാണ് കാവ്യത്തിൽ ഉടനീളം കാണുന്നതെന്ന് ഉദാഹരണസഹിതം വേലുക്കുട്ടി അരയൻ സമർത്ഥിക്കുന്നു.

**താക്കോൽവാക്കുകൾ**

നളിനീ കാവ്യം, വേലുക്കുട്ടി അരയൻ, രസവാദം, അഭോഗ ശൃംഗാരം, വീരരസം, രസലക്ഷണസമുച്ചയം

# ഭദ്രഭാഷാസമൂഹവും മലയാളത്തിന്റെ പ്രതിരോധ പാരമ്പര്യവും

**ഡോ. ബീനാകൃഷ്ണൻ എസ്. കെ**
അസോ. പ്രൊഫസർ, മലയാളവിഭാഗം, ഗവൺമെൻറ്കോളേജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

ഒരു ജനത സാമൂഹികമായി പരിണമിക്കുന്നത് നീണ്ടനാളത്തെ ഒത്തൊരുമയുള്ള സഹജീവിതം കൊണ്ടാണ്. ഈ കൂട്ടായ്മയിൽ രൂപപ്പെടുന്ന തനിമയാണ് സംസ്കാരം. ഇത് ഒരു ഏകീകരണ ശക്തിയായി മാറുന്നു. ഭാഷാസംസ്കാരത്തെ പ്രകടമാക്കുന്ന മാധ്യമമായും പ്രവർത്തിക്കുന്നു. സ്വാഭാവികമായും ഒരു ജനസമൂഹത്തിന്റെ സാമൂഹിക പരിണാമം ആ സംസ്കാരത്തിന്റെ കൂടി പരിണാമമാണ്. ഈ സാംസ്കാരിക ഭൂമികയാണ് ജനസമൂഹങ്ങളെ തമ്മിൽ വേർതിരിക്കുന്നത്. സമൂഹത്തിന്റെ വൈകാരിക അടിത്തറ രൂപപ്പെടുത്തുന്നതും സമന്വയിപ്പിക്കുന്നതും സാംസ്കാരിക മണ്ഡലമാണ്. അതിന് സഹായകമാകുന്നതാകട്ടെ ഭാഷയും. അറിവ് നിർമ്മിച്ചെടുത്ത് മാതൃഭാഷയിലൂടെ വിതരണം ചെയ്യുക എന്ന പുത്തൻ ആശയം വൈജ്ഞാനിക സമൂഹനിർമ്മിതിയെ എപ്രകാരം സ്വാധീനിക്കുന്നു എന്നത് ചർച്ച ചെയ്യുകയാണ് ഈ പ്രബന്ധത്തിലൂടെ.

**താക്കോൽവാക്കുകൾ**

വിജ്ഞാനനിർമ്മിതി, വൈജ്ഞാനികപാരമ്പര്യം, ഭദ്രഭാഷ, പ്രസരണം, ആസൂത്രണം, പ്രതിരോധം

**സാഹിത്യകേദാരം**

**മലയാളം അർദ്ധവാർഷിക റിസേർച്ച് ജേണൽ**

ഫെബ്രുവരി, 2023 ജൂലൈ, 2023

വാല്യം 1 ലക്കം 2

മലയാളവിഭാഗം

ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്

തിരുവനന്തപുരം

കേരളം 695 541

Registered with The Registrar of
Newspapers for India
No. KERMAL/2022/85177

*Printed and published by*

**Dr. Alex L.** on behalf of
THE HEAD OF THE POST GRADUATE DEPARTMENT OF MALAYALAM, GOVERNMENT COLLEGE NEDUMANGAD, THIRUVANANTHAPURAM, KERALA and printed at ab Communication & Color Systems Pvt. Ltd.,T.C.25/3230 (2), Vanchiyoor, Thiruvananthapuram- 695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram-695541, Kerala.



**Editor Dr. Alex L.**
Ph. 9447961070, email: gcnmalayalam@gmail.com